(സി) മെഡിക്കൽ കോളേജുകളിലെ അനാട്ടമി, ഫിസിയോളജി, പാത്തോളജി, ഫാർമക്കോളജി, മൈക്രോ ബയോളജി, ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിലെ അദ്ധ്യാപകരാണ് ബി.ഡി.എസ്. വിദ്യാർത്ഥികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്.

(ഡി) ബാധകമല്ല.

(ഇ) ഉണ്ട്.

(എഫ്), (ജി) & (എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മാനന്തവാടി ഗ്രാമപഞ്ചായത്ത് മെമ്പർമാർ നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹം

53 [152] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്ത് മെമ്പർമാർ പ്രസിഡന്റിന്റെ നേതൃത്വത്തിൽ 2005 ജൂൺ 8 മുതൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന് മുൻപിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പഞ്ചായത്ത്, സർക്കാർ മുൻപാകെ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ആവശ്യങ്ങളോടുള്ള ആരോഗ്യവകുപ്പിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സമരം ജൂൺ 28-ാം തീയതി അവസാനിപ്പിച്ചതായി അറിയാൻ കഴിഞ്ഞു.

(ബി) ചൂട്ടക്കടവിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ ആതറൈസേഷൻ, തുടർന്ന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സ്റ്റേ ചെയ്ത നടപടി പിൻവലിക്കണമെന്നും ചൂട്ടക്കടവിൽ തന്നെ പ്ലാന്റ് സ്ഥാപിക്കാൻ അനുവദിക്കണമെന്നുമാണ് പഞ്ചായത്ത് ആവശ്യപ്പെടുന്നത്.

(സി) കേരള വാട്ടർ അതോറിട്ടി മാനന്തവാടി പഞ്ചായത്തിലും എടവക പഞ്ചായത്തിലും വിതരണത്തിനായി കബനി നദിയിൽ നിന്നു വെള്ളമെടുക്കുന്ന സ്ഥാനങ്ങൾക്കു തൊട്ടുമുകളിലായി നദീതീരത്തു മാലിന്യ സംസ്കരണശാല സ്ഥാപിക്കുന്നത് ആശാസ്യമല്ലെന്നും അതിനെക്കാൾ അനുയോജ്യമായ മറ്റുസ്ഥലമുണ്ടെന്നും മലിനീകരണ നിയന്ത്രണബോർഡ് മാനന്തവാടി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly